**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5727** — **27.10.2011-ൽ മറുപടിയ്ക്ക്**

# പി.എം.ജി.എസ്.വൈ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | **ശ്രീ.കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** |
| എ. അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ റോഡുകളാണ്പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഫേയ്സ് 8 ൽ ഏറ്റെടുക്കേണ്ട 9 റോഡുകളുടെ മുൻഗണനാ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി. പ്രസ്തുത പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബി. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കളിത്തട്ട് ഈസ്റ്റ്-തൈവേലിക്കകം ആറ്റുതീരം -1.70 കി.മീ.<br>പൂന്തുല ഇല്ലിച്ചിറ-പള്ളിച്ചിറ - 2.04 കി.മീ.<br>പുന്തൂരം-പള്ളാത്തുരുത്തി - 2.00 കി.മീ. |
| സി. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡുകളുടെ നിർമ്മാണം ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; വിശദമാക്കുമോ ? | സി. ' ഭാരത് നിർമ്മാണി ' ന്റെ രണ്ടാം ഘട്ടം പ്രഖ്യാപിക്കുന്നതുവരെ താഴെ പറയുന്ന വിഭാഗത്തിലെ പ്രവൃത്തികൾ മാത്രമേ അംഗീകാരത്തിനായി കേന്ദ്രസർക്കാരിൽ സമർപ്പിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ.<br>1. 1-ാം ഘട്ട ഭാരത് നിർമ്മാണിലെ ലക്ഷ്യത്തിൽ ശേഷിക്കുന്ന പ്രവൃത്തികൾ. |

2.ലോകബാങ്കിന്റെയും,എ.ഡി.ബി.

യുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.

3. നക്സലൈറ്റ് ഭീഷണി നേരിടുന്ന 33 ജില്ലകളിലെ റോഡുകൾ.

4. അതിർത്തി പ്രദേശത്തെ റോഡുകൾ.

സംസ്ഥാനത്തിന് ഈ വ്യവസ്ഥകൾ പ്രകാരം പുതിയ പദ്ധതികളൊന്നും സമർപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല. സംസ്ഥാനത്തിന് അനുവദിച്ച പദ്ധതികൾ മറ്റുസംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവായതുകാരണം ഈ നിബന്ധനകളിൽ അയവു വരുത്തി പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പദ്ധതി മാനദണ്ഡങ്ങളിൽ കേരളത്തിന് ഇളവ് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

| | | | |
|---|---|---|---|
| 1. | പറവൂർ സെറ്റിൽമെൻറ് – പറവൂർ പടിഞ്ഞാറ് | – | 1.00 കി.മീ. |
| 2. | വണ്ടാനം കാവ് – വണ്ടാനം കിഴക്ക് | – | 1.50 കി.മീ. |
| 3. | തോട്ടപ്പള്ളി വടക്ക് – കസ്തൂർബ | – | 1.50 കി.മീ. |
| 4. | കളിത്തട്ട് – പുന്നപ്ര പടിഞ്ഞാറ് | – | 0.60 കി.മീ. |
| 5. | മാത്തേരി – കാരിച്ചിറ | – | 1.30 കി.മീ. |
| 6. | കളർകോട് കിഴക്ക് – പരിത്തിക്കാട് | – | 0.60 കി.മീ. |
| 7. | കാക്കാഴം – അമ്പലപ്പുഴ വടക്കേനട | – | 2.50 കി.മീ. |
| 8. | ഇളയിടത്തുരുത്ത് – പൂക്കൈതയാർ | – | 0.70 കി.മീ. |
| 9. | കരുവാന്തോട് – മാളിയേക്കൽ | – | 0.60 കി.മീ. |

സെക്ഷൻ ഓഫീസർ.